മലയാള മനോരമ 17 August 2022

# ചാളയുടെ ലഭ്യത കൂടുമെന്ന് സിഎംഎഫ്ആർഐ



മനോരമ ലേഖിക

കൊച്ചി● കേരളതീരങ്ങളിൽ ഇക്കൊല്ലം ചാളയുടെ ലഭ്യത കുടുമെന്നു പ്രതീക്ഷ. കഴിഞ്ഞ ഏതാനും വർഷങ്ങളായി ലഭ്യത ഗണ്യമായി കുറഞ്ഞ ചാള ഇത്തവണ കേരളതീരത്തു കൂട്ടത്തോടെ കണ്ടു തുടങ്ങി.

വളർച്ചയെത്താത്ത ചെറു മത്സ്യങ്ങളെ പിടിക്കുന്നതിനു നിയന്ത്രണം വേണമെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം സർക്കാരിനു റിപ്പോർട്ട് നൽകി. എന്നാൽ, വ്യാപകമായി ചെറുമീൻ പിടിച്ച് ഇതര സംസ്ഥാനങ്ങളിലേക്കു കടത്തുന്നതു ചാളയുടെ തിരിച്ചുവരവിനു ഭീഷണിയാകുമെന്ന ആശങ്കയും ശാസ്ത്രജ്ഞർക്കുണ്ട്.

സാധാരണ ട്രോളിങ് നിരോധന കാലത്തിനു ശേഷമാണു ചെറുമത്സ്യബന്ധനം നടന്നിരുന്നത്. ഇത്തവണ നിരോധന കാലത്തും ഇതു വ്യാപകമായി നടന്നു. എന്നാൽ ഇവ ആഭ്യന്തര വിപണിയിൽ എത്തിയില്ല. ഇതര സംസ്ഥാനങ്ങളിലെ മത്സ്യ, കോഴിത്തീറ്റ ഫാക്ടറികളിലേക്കു വൻതോതിൽ കടത്തുകയായിരുന്നു.

2021ൽ വെറും 3297 ടൺ ചാളയാണു കേരളത്തിൽ ലഭിച്ചത്. മുൻ സീസണിൽ നിന്ന് 75% കുറവാണിത്. 1994നു ശേഷമുള്ള ഏറ്റവും കുറഞ്ഞ അളവാണിത്. 1995 മുതൽ 2020 വരെയുള്ള വാർഷിക ശരാശരിയേക്കാൾ 98% കുറഞ്ഞെന്നും സിഎംഎഫ്ആർഐയുടെ പഠനത്തിൽ കണ്ടിരുന്നു.

ഇതിനിടെയാണ്, ശുഭസൂചന നൽകി കഴിഞ്ഞ മേയ് മുതൽ കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ ചാളക്കുഞ്ഞുങ്ങൾ കണ്ടുതുടങ്ങിയത്. പൊടിമീനുകളെ പിടികൂടാതെ വളരാൻ അനുവദിച്ചാൽ മത്തി, അയില തുടങ്ങിയ മത്സ്യങ്ങളുടെ ലഭ്യത വൻതോതിൽ വർധിക്കുമെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞനായ ഡോ. അബ്ദു സമദ് അറിയിച്ചു.